# മുത്തുകൾ

**വർഷകാലങ്ങൾ കുത്തിയൊലിച്ചെൻ**
**മുന്നിലൂടെ ക്കടന്നുപോകുമ്പോൾ**

**ഈറനായി വരുന്ന ഹേമന്തം**
**നാണമാർന്നടിവച്ചണയുമ്പോൾ**

**ദാഹമാർന്നൊരീ മണ്ണിൻെറ മാറിൽ**
**വേനൽ വീണു തളർന്നുറങ്ങുമ്പോൾ**

**ഫുല്ലവാസന്ത കാന്തികൾ ലജ്ജാ-**
**നമ്രമിങ്ങു വന്നെത്തി നോക്കുമ്പോൾ**



**മുത്തെടുക്കുവാൻ മുങ്ങി നില്ക്കുന്നു**
**മുക്കുവച്ചെറുകുട്ടികൾ, നിങ്ങൾ.**

**തപ്തമീ മരുഭൂമി തൻ ദുഃഖ-**
**ചിന്തയെൻേറതാണെന്നറിയുമ്പോൾ**

**വാടി വീണ കിനാവുകൾ പോലെ**
**വീണപൂവുകൾ നോക്കി നില്ക്കുമ്പോൾ**

**പെയ്യുവാൻ മുങ്ങിത്താണു വന്നെത്തും**
**വർഷകാല മേഘങ്ങളെപ്പോലെ**

**താതകണ്വൻെറ ദുഃഖമെന്നുള്ളിൽ**
**കൂടു കെട്ടിക്കഴിയുകയല്ലോ.**

**ഞാനറിയാതെയെന്നിലുറങ്ങും**
**സാഗരത്തിന്നഗാധതയികൾ**

മുത്തെടുക്കുവാനെങ്ങു നിന്നെത്തി
മുക്കുവച്ചെറുകുട്ടികൾ, നിങ്ങൾ?■

1964 കൗമുദി വാരിക